LIBRARY ARCHIVES Kerala Legislative Assembly

വാമനപുരം നിയോജകമണ്ഡലത്തിലെ മുറിച്ച് മാറ്റേണ്ട മരങ്ങൾ

127(5574) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട ഫോറസ്റ്റ് ഡിവിഷനുകളുടെ പരിധിയിൽ റോഡിന്റെ വശങ്ങളിൽ അപകടകരമായ രീതിയിൽ നിൽക്കുന്ന മുറിച്ച് മാറ്റേണ്ടതായ മരങ്ങൾ ഏതെങ്കിലും ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇപ്പോഴുള്ള വ്യവസ്ഥപ്രകാരം അപകടകരമായി നിൽക്കുന്ന വൃക്ഷശാഖകളോ മരം മുഴുവനായോ മുറിക്കുന്നതിന് ഉത്തരവ് നൽകുന്നത് ജില്ലാ കളക്ടറോ അദ്ദേഹം ചുമതലപ്പെടുത്തുന്ന റവന്യൂ ഉദ്യോഗസ്ഥനോ ആണ്. ഈ വിഷയത്തിൽ വനം വകുപ്പിന് അപേക്ഷ നൽകേണ്ടതില്ല. മുറിച്ച് മാറ്റിയ മരങ്ങൾ വിൽക്കുന്നതിന് ആവശ്യമായ വിലനിർണ്ണയം നടത്തുന്നത് അതത് ജില്ലയിലെ സോഷ്യൽ ഫോറസ്ട്രി വിഭാഗമാണ്. ഇതിന്റെ വെളിച്ചത്തിൽ ഇത്തരം അപേക്ഷകൾ വനം വകുപ്പ് മുമ്പാകെ നിലവിൽ പെൻഡിംഗില്ല. എന്നാൽ വികസന പ്രവർത്തനങ്ങൾക്ക് വേണ്ടിയുള്ള മരം മുറിക്കാൻ അനുവദിക്കുന്നത് ജില്ലാതലത്തിലുള്ള ടീ കമ്മിറ്റിയാണ്. വാമനപുരം നിയോജകമണ്ഡലത്തിൽ ഇത്തരത്തിലുള്ള അപേക്ഷകൾ ഒന്നുംതന്നെ ടീ കമ്മിറ്റിയിൽ നടപടിയെടുക്കുന്നതിനായി നിലവിലില്ല.

(ബി) ഇത്തരം മരങ്ങൾ മുറിച്ച് മാറ്റുന്നതിനായി വ്യക്തികളോ സംഘടനകളോ നൽകിയ അപേക്ഷകളിൽ ഏതെങ്കിലും നടപടി സ്വീകരിക്കാതെ അവശേഷിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അവയുടെ വിശദവിവരങ്ങൾ നൽകാമോ?

അപേക്ഷകളൊന്നും പെൻഡിംഗില്ല.

മാവോയിസ്റ്റ് സാന്നിദ്ധ്യമുള്ള ഫോറസ്റ്റ് ഡിവിഷനുകൾ

128(5575) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)വനം വകുപ്പിനുകീഴിലുള്ള ഏതെല്ലാം ഫോറസ്റ്റ് ഡിവിഷനുകളിലാണ് കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് മാവോയിസ്റ്റ് സാന്നിധ്യം റിപ്പോർട്ട് ചെയ്തിട്ടുള്ളത് എന്നതിന്റെ വിശദവിവരം നൽകുമോ?

നിലമ്പൂർ നോർത്ത്, നിലമ്പൂർ സൗത്ത്, മണ്ണാർക്കാട്, കോഴിക്കോട്, കണ്ണൂർ, സൗത്ത് വയനാട്, നോർത്ത് വയനാട് എന്നീ ഫോറസ്റ്റ് ഡിവിഷനുകളിലാണ് കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് മാവോയിസ്റ്റ് സാന്നിദ്ധ്യം റിപ്പോർട്ട് ചെയ്തിട്ടുള്ളത്.